# മുസ്‌ലിംകൾ ശ്രമിക്കേണ്ടത് പിന്നാക്ക സമുദായ ഐക്യത്തിന്

**എ.കെ ആന്റണി** മുഖ്യമന്ത്രിയായിരുന്നപ്പോൾ നടത്തിയ ന്യൂനപക്ഷവിരുദ്ധ പ്രസ്താവനയുടെ അലയൊലികൾ ഇപ്പോഴും കേരളത്തിന്റെ അന്തരീക്ഷത്തിലുണ്ടല്ലോ. കേരളത്തിൽ ഇന്ന് തിമർത്താടുന്ന മുസ്‌ലിംവിരോധത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പ്രസ്താവനയുടെ നാനാർഥങ്ങൾ വിശകലനം ചെയ്യുന്നത് കൗതുകകരമായിരിക്കും. അദ്ദേഹത്തെ വിവാദ പ്രസ്താവന നടത്താൻ പ്രകോപിപ്പിച്ചത് എന്തായിരുന്നു എന്ന വിഷയത്തിൽ തർക്കമുണ്ട്. മാറാട് പുനരധിവാസ വിഷയത്തിൽ മുസ്‌ലിം ലീഗിന്റെ ഒരു നേതാവ് നടത്തിയ അന്ത്യശാസനമാണ് ആന്റണിയെ പ്രകോപിപ്പിച്ചതെന്നും, അതല്ല സ്വാശ്രയ കോളേജ് വിഷയത്തിൽ ക്രൈസ്തവ സഭകൾ മുമ്പ് നൽകിയ വാക്കുകൾ പാലിക്കാതെ വിശ്വാസവഞ്ചന നടത്തിയതിൽ പ്രതിഷേധിച്ചാണ് പ്രസ്താവന നടത്തിയതെന്നും വ്യാഖ്യാനങ്ങളുണ്ട്. ഏതായാലും ഭൂരിപക്ഷത്തിന്റെ ചെലവിൽ ന്യൂനപക്ഷ സമുദായങ്ങൾ അഭിവൃദ്ധി പ്രാപിക്കുന്നുവെന്നതാണ് പ്രസ്തുത പ്രസ്താവനയുടെ ആകെത്തുക എന്ന രീതിയിലാണ് മാധ്യമങ്ങൾ ചർച്ച ചെയ്തത്. ആന്റണിയുടെ പ്രസ്താവന പുറത്തുവന്നയുടനെ, മുസ്‌ലിം സമുദായം വിഷയം ഏറ്റെടുത്തുകൊണ്ട്, ഞങ്ങളെയാണ് ആന്റണി ഉദ്ദേശിച്ചതെന്ന് മുറവിളികൂട്ടി മറുപടികളുമായി രംഗത്തുവന്നു. ക്രൈസ്തവ സഭകൾ തന്ത്രപൂർവം മൗനം പാലിച്ചു. സ്വാഭാവികമായും പിന്നീട് മുസ്‌ലിം സമുദായവും ഭൂരിപക്ഷ സമുദായവും തമ്മിലുള്ള പ്രശ്നം എന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോയത്. പലപ്പോഴും കീരിയും പാമ്പും കളിച്ചിരുന്ന എൻ.എസ്.എസ്സും എസ്.എൻ.ഡി.പിയും ഭൂരിപക്ഷ ഐക്യത്തിന്റെ പേരിൽ ഒന്നിക്കുന്നതും മുസ്‌ലിംവിരുദ്ധ നിലപാട് സ്വീകരിക്കുന്നതും നാം കണ്ടു (ഒരിക്കലും ചേരാത്ത ആ കൂട്ടുകെട്ട് പിന്നീട് പൊളിഞ്ഞുവെന്നത് വേറെ കാര്യം). വഹാബുമാരും യൂസഫലിമാരും ചർച്ചകളിൽ നിറഞ്ഞുനിന്നു. മുസ്‌ലിം സമുദായത്തിലെ വിരലിലെണ്ണാവുന്ന കോടീശ്വരന്മാരെ മാധ്യമങ്ങൾ കൊണ്ടാടിയപ്പോൾ, മറ്റൊരു ന്യൂനപക്ഷമായ ക്രൈസ്തവ സമുദായത്തിന്റെ സമ്പന്നത ചർച്ചാ വിഷയമായതേയില്ല. മുസ്‌ലിം സമുദായം സമ്പന്നമാണെന്ന തെറ്റായ കാഴ്ചപ്പാട് പ്രചരിക്കുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. കേരളത്തിലെ ഏറ്റവും ദരിദ്ര വിഭാഗങ്ങൾ ദലിതരും മുസ്‌ലിംകളുമാണെന്ന, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്രീയമായ കണ്ടെത്തലുകൾ പുറത്തുവന്ന കാലത്തുതന്നെയായിരുന്നു ഇതും എന്നത് കൂട്ടി വായിക്കേണ്ടതാണ്. പരിഷത്തിന്റെ കണ്ടെത്തലുകൾ ചർച്ച ആയതേയില്ല.

ന്യൂനപക്ഷാവകാശങ്ങൾക്ക് വേണ്ടി ചാടിപ്പുറപ്പെടുന്നത് കേരളത്തിൽ മുസ്‌ലിംകൾക്ക് ദോഷമേ ചെയ്തിട്ടുള്ളൂ. വിദ്യാഭ്യാസം, സമ്പത്ത്, രാഷ്ട്രീയ പങ്കാളിത്തം എന്നിവയിലെല്ലാം മുസ്‌ലിംകളെക്കാൾ അനേകമിരട്ടി പ്രബലരായ ക്രൈസ്തവ സമുദായവും ന്യൂനപക്ഷമാണെങ്കിലും, അവർ അവകാശങ്ങൾക്ക് വേണ്ടി അത്ര ഒച്ചപ്പാടുണ്ടാക്കുകയോ, തങ്ങളാണ് ന്യൂനപക്ഷമെന്ന് അവകാശപ്പെട്ട് രംഗത്തിറങ്ങുകയോ ചെയ്യാറില്ല. ന്യൂനപക്ഷാവകാശ സംരക്ഷണത്തിന് അമിതമായി ശബ്ദമുയർത്തുന്നത് കേരളത്തിൽ ഭൂരിപക്ഷ സമുദായത്തെ പ്രകോപിപ്പിക്കുകയേയുള്ളൂ. ഇതിന് രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന്, കേരളത്തിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും കൂടിയാൽ ജനസംഖ്യാപരമായി അവർ അത്ര ന്യൂനപക്ഷമല്ല; മറ്റൊന്ന്, ന്യൂനപക്ഷങ്ങളിൽ ഒരു വിഭാഗമായ ക്രൈസ്തവർ വളരെയധികം സമ്പന്നരും പ്രബലരുമാണ്. വീണ്ടും അവകാശങ്ങൾക്കായി ന്യൂനപക്ഷമെന്ന പേര് പറഞ്ഞ് കേരളത്തിൽ രംഗത്തുവരുന്നത് ഹൈന്ദവരിലെ പിന്നാക്ക വിഭാഗങ്ങൾക്ക് അസ്വാസ്ഥ്യമുണ്ടാക്കും.

കേരളത്തിൽ മുസ്‌ലിം സമുദായം പിന്നാക്കം നിൽക്കുന്നത് ന്യൂനപക്ഷമായതിനാലല്ല; അങ്ങനെയായിരുന്നെങ്കിൽ ക്രൈസ്തവരും പിന്നാക്കമാവേണ്ടിയിരുന്നു. കേരളത്തിൽ മുസ്‌ലിം സമുദായത്തിന് കൂടുതൽ പൊതുതാൽപര്യങ്ങളുള്ളത് മറ്റു ന്യൂനപക്ഷ വിശ്വാസികളുമായല്ല; മറിച്ച് മറ്റു പിന്നാക്ക സമുദായങ്ങളുമായാണ്. കേരളത്തിൽ മുസ്‌ലിം സമുദായത്തിന്റെ പുരോഗതിക്ക് വളരെയധികം പങ്ക് വഹിച്ചത് തൊഴിൽ-വിദ്യാഭ്യാസ രംഗങ്ങളിലുള്ള സംവരണമാണ്. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കൊപ്പം നിൽക്കുന്നതും ഒരേ താൽപര്യം പങ്കിടുന്നതും മറ്റു ന്യൂനപക്ഷ വിഭാഗങ്ങളല്ല; മറിച്ച് ഭൂരിപക്ഷ സമുദായത്തിലെ പിന്നാക്ക വിഭാഗങ്ങളായ ദലിതരും ഈഴവരുമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അവകാശങ്ങൾ മുസ്‌ലിംകൾക്ക് കൂടി ഗുണ

കരമാണെങ്കിലും ഇതിനെ കൂടുതൽ മുതലെടുക്കുന്നത് വിദ്യാഭ്യാസക്കച്ചവട രംഗത്തുള്ളവരാണ്. ഇത് കൂടാതെയുള്ളത് ന്യൂനപക്ഷ പെൺകുട്ടികളുടെ സ്കോളർഷിപ്പ് തുടങ്ങിയ നാമമാത്രമായ കാര്യങ്ങളാണ്. മുസ്‌ലിം സമുദായത്തിന് പ്രതിസന്ധി ഘട്ടങ്ങളിൽ ചെറിയ പിന്തുണയെങ്കിലും ലഭിക്കുന്നത് ദലിതരിൽ നിന്നും ഈഴവർക്ക് കൂടുതൽ പ്രാമുഖ്യമുള്ള ഇടതുപക്ഷത്തിൽനിന്നുമാണ്. സാമൂഹിക, സാമ്പത്തിക മേഖലകളിൽ ഒരേ അവസ്ഥയാണ് ദലിത്-മുസ്‌ലിം-ഈഴവ സമുദായങ്ങൾക്കുള്ളത്. ലൗ ജിഹാദ് വിവാദത്തിൽ മുസ്‌ലിംവിരുദ്ധ പ്രസ്താവനയുമായി എസ്.എൻ.ഡി.പി നേതാവ് വെള്ളാപ്പള്ളി നടേശൻ തുടക്കത്തിൽ രംഗത്തിറങ്ങിയിരുന്നെങ്കിലും പിന്നീട്, യഥാർഥത്തിൽ ലൗ ജിഹാദ് എന്ന സംഭവമുണ്ടോ എന്ന് പത്രക്കാരോട് തിരിച്ചു ചോദിക്കാനുള്ള ആർജവം അദ്ദേഹത്തിനുണ്ടായി. മുന്നാക്ക വിഭാഗങ്ങൾ പത്രങ്ങളെ ഉപയോഗിച്ച് സൃഷ്ടിച്ചെടുക്കുന്ന പൊതുബോധത്തെ മറികടക്കാൻ വെള്ളാപ്പള്ളിയെപ്പോലുള്ളവരെ മുസ്‌ലിം സമൂഹം സഹായിക്കേണ്ടതുണ്ട്. അത്തരം ശ്രമങ്ങൾ മുസ്‌ലിംകൾ നടത്തുന്നില്ല. ആത്യന്തികമായി മുസ്‌ലിംകൾ ശ്രമിക്കേണ്ടത് ആദർശപരമായ മുന്നേറ്റങ്ങൾക്കാണെങ്കിലും, കേരളീയ മുസ്‌ലിംകൾ ഇപ്പോൾ പെട്ടിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയെ മറികടക്കാൻ പിന്നാക്ക സമുദായ ഐക്യം മുസ്‌ലിംകളെ സഹായിച്ചേക്കും.

**ഹനീഫ് വളാഞ്ചേരി**

## കെണിയൊരുക്കുന്നത് രാഷ്ട്രീയക്കാർ

**ബഹുസ്വരതയെക്കുറിച്ചും** ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും പറയുകയും എഴുതുകയും അണികളെ വേണ്ടവിധം പഠിപ്പിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. എതിരാളികൾക്ക് പോലും ഈ സത്യം നന്നായി അറിയാം. എന്നിട്ടുമെന്തേ തരം കിട്ടുമ്പോഴൊക്കെ ഇവർ ജമാഅത്തിനെ മതതീവ്രവാദികളായി ചിത്രീകരിക്കുന്നത്? അതിന്റെ രസതന്ത്രമന്വേഷിക്കുമ്പോൾ ചില കാര്യങ്ങൾ വ്യക്തമാകും. ആടിനെ പട്ടിയാക്കുക. പട്ടിയെ പേപ്പട്ടിയാക്കുക. പിന്നെ തല്ലിക്കൊല്ലാൻ എളുപ്പമാണ്. ജമാഅത്തിനെതിരെ ഇത് ഏറെക്കാലം പയററിയത് രാഷ്ട്രീയക്കാരായിരുന്നു. ഇന്ന് മത രംഗത്തുള്ളവരാണ് ഈ ഗിമ്മിക്ക് പുറത്തെടുക്കുന്നത്. അതിനുമുണ്ട് കാരണം.

ഒന്ന്, മതേതര രംഗത്തുനിന്ന് ജമാഅത്തിനെ വിമർശിക്കാൻ ഒരു പുൽതുമ്പും കിട്ടുന്നില്ല. രണ്ട്, അടുത്ത വോട്ട് തങ്ങൾക്കനുകൂലമാക്കാൻ പരസ്യവിമർശം കുറക്കുക. മൂന്ന്, മതേതര രംഗത്ത് നിന്ന് ജമാഅത്തിനെ വിമർശിക്കുമ്പോൾ ഇതര സമുദായങ്ങൾ പലപ്പോഴും അതിനെ ചോദ്യം ചെയ്യുന്നു. അവർ ചോദിക്കുന്നതിതാണ്: "നിങ്ങളീ പറയുന്ന ജമാഅത്തുകാരെ ഞങ്ങൾക്കറിയില്ല. അവർ ഞങ്ങളുടെ ജീവിതവഴിയിൽ പങ്കാളികളാണ്. ഊണിലും ഉറക്കിലും രാവിലും പകലിലും അവർ ഞങ്ങളോടൊപ്പമാണ്. ഞങ്ങളുടെ ചുറ്റിലും ജീവിക്കുന്ന അവരെക്കുറിച്ച് നിങ്ങളേക്കാൾ കൂടുതൽ അറിയുന്നവർ ഞങ്ങളാണ്."

'നാടിന്റെ നന്മക്ക് പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനം' എന്ന തലക്കെട്ടിൽ അമീർ സൂചിപ്പിച്ചത് ഇതോടൊന്നിച്ച് വായിക്കുക. 'ബഹുസ്വരതക്ക് ഇണങ്ങുംവിധമുള്ള പ്രവർത്തനങ്ങളാണ് കാലാകാലങ്ങളായി ജമാഅത്ത് നടത്തിക്കൊണ്ടിരിക്കുന്നത്.... കവിഞ്ഞ ജാഗ്രതയാണ് ഇക്കാര്യത്തിൽ പ്രസ്ഥാനം പുലർത്തുന്നത്' (*പ്രബോധനം* ഏപ്രിൽ 24).

'മുസ്‌ലിംകൾ മാത്രമല്ല, ഇസ്‌ലാമിനെ പഠിച്ച സഹോദര സമുദായക്കാരും രാഷ്ട്രീയ ഉള്ളടക്കമുള്ള ജീവിതവ്യവസ്ഥയാണ് ഇസ്‌ലാമെന്ന് അംഗീകരിക്കുന്നു.... ആ ഐഡിയോളജി സജീവ ചർച്ചാ വിഷയമായിത്തീരുകയും ചെയ്യുന്നത് വലിയ വിജയമാണ്' (*പ്രബോധനം* ഏപ്രിൽ 24).

അമീർ പറഞ്ഞപോലെ, പ്രസ്ഥാനം ജനമനസ്സുകളെ വ്യാപകമായി സ്വാധീനിച്ചപ്പോഴാണ് മതേതര രംഗത്തുള്ളവർ ചുവട് മാറ്റിയത്. അങ്ങനെയാണവർ മതരംഗത്തുള്ളവരെ വളരെ ആസൂത്രിതമായി ജമാഅത്തിനെതിരെ തിരിച്ചുവിട്ടത്. യഥാർഥത്തിൽ കെണിയൊരുക്കുന്നത് മതരംഗത്തുള്ളവരല്ല. മതേതര രാഷ്ട്രീയ കുതന്ത്രക്കാരുടെ കെണിയിൽ അവർ വീണതാണ്. അതാണിപ്പോൾ പള്ളി മിമ്പർ മുതൽ തെരുവോരങ്ങൾ വഴി മുക്കൂട്ടു മുന്നണിയായി കോടതിയിൽ വരെ എത്തിയിരിക്കുന്നത്.

**കെ.വി ഖയ്യൂം പുളിക്കൽ**

## ചിൻവാദ് പാലവും അതിരുവിട്ട പ്രതികരണങ്ങളും

**പത്തനംതിട്ട** ജില്ലയിലെ ചുങ്കപ്പാറയിലെ ഒരു പാസ്റ്റർ എഴുതിയ പുസ്തകം ഒരുപാട് കോലാഹലങ്ങൾ സൃഷ്ടിക്കുകയുണ്ടായല്ലോ. ഐ.പി.സി സഭാംഗം സാം ജേക്കബ് എന്ന പാസ്റ്ററുടെ ഒരു രചന മാത്രമാണോ അത്, അതോ അതിന് പിന്നിൽ ഒരു വൻ സംഘം തന്നെ പ്രവർത്തിച്ചിട്ടുണ്ടോ? അക്കാര്യം നമുക്ക് വിടാം. മറ്റു സമൂഹങ്ങളിലെ വ്യക്തികളുടെയോ ഗ്രൂപ്പുകളുടെയോ മനോവൈകല്യങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നത് പ്രവാചക മാതൃകയിലാണ് നാം തെരയേണ്ടത്. വ്യക്തി എന്ന നില

യിൽ മക്കയിലെ ജൂതപ്പെൺകുട്ടിയോട് സ്വീകരിച്ച സമീപനവും, അധികാരി എന്ന നിലയിൽ മദീയ നിലെ ബനൂഖുറൈളയിലെ കരാർലംഘകരും രാജ്യദ്രോഹികളുമായ ജൂതരോട് സ്വീകരിച്ച സമീപനവും പഠനവിധേയമാക്കേണ്ടതാണ്.

മറ്റുള്ള സമൂഹങ്ങളെ ഇങ്ങോട്ടാകർഷിക്കുംവിധം നന്മയുടെയും വിട്ടുവീഴ്ചയുടെയും പാലം നിർമി ച്ചുകൊണ്ടാവണം പ്രവാചക സ്നേഹം പ്രകടിപ്പിക്കേണ്ടത്. ഉള്ള പാലം തകർത്തെറിഞ്ഞുകൊണ്ടല്ല. ചുറ്റിനും കിടങ്ങ് കുഴിച്ചുകൊണ്ടുമല്ല. തിന്മയെ നന്മ കൊണ്ട് നേരിടുക എന്ന ഖുർആനികാധ്യാപനം നമുക്കുള്ളതാണ്.

സമുദായത്തിന്റെ പ്രതിരോധം എന്ന മഹാഭാരം സ്വയം ഏറ്റെടുത്ത് നടക്കുന്ന ഒരു കൂട്ടർ ചുങ്കപ്പാറ യിൽ വിവാദ പുസ്തകത്തിനെതിരെ സംഘടിപ്പിച്ച പൊതുയോഗം ക്രൈസ്തവ സമുദായത്തെ അടച്ചാ ക്ഷേപിക്കുന്നതായിരുന്നു. അതിനെത്തുടർന്ന്, മുസ്‌ലിം കടകളിൽനിന്ന് സാധനങ്ങൾ വാങ്ങരുതെന്ന് ക്രൈസ്തവ ഫത്‌വ ഇറങ്ങുകയും ചെയ്തു. പ്രവാചക നിന്ദയെ ചെറുക്കേണ്ടത് സാമുദായിക ധ്രുവീക രണം സൃഷ്ടിച്ചുതന്നെ വേണമെന്നതാണ് ഒരു കൂട്ടരുടെ കണ്ടെത്തൽ.

ദിവസങ്ങൾക്കു ശേഷം നിച്ച് ഓഫ് ട്രൂത്തിന്റെ പോസ്റ്റർ ചുങ്കപ്പാറയിലും സമീപ മഹല്ലുകളിലും നിരന്നു. പോസ്റ്റർ തലക്കെട്ട് ഇങ്ങനെ: 'ഇസ്‌ലാം വെല്ലുവിളിക്കുന്നു; തുറന്ന സംവാദം.' സംവാദ ലഹരി ആസ്വദിക്കാനും പങ്കുവെക്കാനും വൻ മുസ്‌ലിം ജനാവലി എത്തി. പ്രകോപനം സൃഷ്ടിക്കാതെ ക്രിസ്ത്യൻ സഹോദരങ്ങളെ കൂടി ക്ഷണിച്ചും ഉൾക്കൊള്ളിച്ചും കൊണ്ടായിരുന്നു ഈ പരിപാടിയെ ങ്കിൽ ഒരുപക്ഷേ ആ യോഗത്തിൽ വെച്ചുതന്നെ വിഷലിപ്ത കൃതിയെയും അതിന്റെ പിന്നാമ്പുറക്കാ രെയും തള്ളിപ്പറയാൻ അവർ തയാറായേനെ. പക്ഷേ, പോസ്റ്ററിലും നോട്ടീസിലും 'വെല്ലുവിളി' ഉള്ളതു കൊണ്ട് വേദിയിലും സദസ്സിലും ക്രൈസ്തവ പക്ഷത്തുനിന്ന് ആരും പങ്കെടുത്തില്ല.

സമൂഹങ്ങളെ വെല്ലുവിളിക്കുകയല്ല വേണ്ടത്. അങ്ങനെ വെല്ലുവിളിക്കാൻ അല്ലാഹു ആർക്കും അനു വാദം കൊടുത്തിട്ടുമില്ല. മുഴുവൻ മനുഷ്യർക്കും ആശ്വാസമായിട്ടാണ് ഇസ്‌ലാമിനെ അല്ലാഹു അവതരി പ്പിച്ചത്. സമൂഹങ്ങൾ അതിനെ ഏറ്റെടുത്ത് ആർജവത്തോടെ മുന്നോട്ടു പോകുമ്പോൾ അതിന്റെ അതി ജീവനശേഷിക്കു മുമ്പിൽ മറ്റു സംസ്കാരങ്ങൾ തകർന്നടിയും. ചരിത്രം അതിന് സാക്ഷിയാണ്. അത് വെല്ലുവിളിയിലൂടെയല്ല; പ്രകാശം പടരുമ്പോൾ ഇരുൾ തനിയെ അപ്രത്യക്ഷമാകുമെന്ന പ്രാപഞ്ചിക നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

**പി.എച്ച് നസീർ ചങ്ങനാശ്ശേരി**

## പ്രബോധകർക്ക് മാതൃകയാകുന്ന ആത്മകഥ

**ചാൾസ് ലീ ഗായ് ഈറ്റണിന്റെ** ആത്മകഥ (ലക്കം 42,43) ആവേശത്തോടെയാണ് വായിച്ചുതീർത്തത്. ഇസ്‌ലാമിക പ്രബോധനരംഗത്ത് ഗായ് ഈറ്റണിന്റെ രചനകൾ എന്നും മുതൽ കൂട്ടായിരിക്കും. ഒരു സത്യാന്വേഷകന് നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളും ആത്മസംഘർഷങ്ങളും വളരെ ആർജവത്തോടെ കോറിയിടാൻ അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു. ഗായ് ഈറ്റണിന്റെ ആത്മകഥ മലയാളത്തിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും.

**ടി.ബി അശ്റഫ് തായിക്കാട്ടുകര**

## ചുരുക്കെഴുത്ത്

**'ഇതുപോലെ** എത്ര ജീവിതങ്ങൾ നമുക്ക് എടുത്തുകാണിക്കാനുണ്ട്' (ലക്കം 44) എന്ന അമീന അസ്സിൽമി യെക്കുറിച്ച കുറിപ്പ് ഓരോ പ്രബോധകനും മനസ്സിരുത്തി വായിക്കട്ടെ. സ്വഹാബി വനിതകളുടെ ജീവി തത്തെ ഓർമിപ്പിക്കുന്നു ഈ മഹതിയുടെ ത്യാഗപൂർണമായ ജീവിതം. തന്റെ ഓരോ വാക്കും പ്രവൃ ത്തിയും അവസാനശ്വാസം വരെയും അവർ ദൈവമാർഗത്തിൽ സമർപ്പിച്ചു. ആലസ്യം ബാധിച്ച ഇസ്‌ലാ മിക പ്രബോധകരെയും സംഘടനാ പ്രവർത്തകരെയും ഉണർത്താൻ ലേഖനം പ്രയോജനപ്പെടും.

**നേമം താജുദ്ദീൻ തിരുവനന്തപുരം**